**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

---

വിഷയം:- ആവഡ - വിജിലൻസ് - ശ്രീ. ജോൺസൺ.കെ.എസ് (പെൻ-236002), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, കുടുംബാരോഗ്യകേന്ദ്രം, കുന്നുകര, എറണാകുളം -നെതിരായ അച്ചടക്ക നടപടി - ശ്രീ. ജോൺസൺ.കെ.എസ്-നെ സർവ്വീസിൽ നിന്നും നീക്കം (Removed from service) ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു -

പരാമർശം:-

1. കുറിപ്പ് നം. ഇ.ജി.4-41950/2016/ആവഡ തീയതി 01.02.2023
2. കത്ത് നം. എ6-18789/2022 തീയതി 28.12.2023
3. നം. ഇ.സി.7-4890/2023/ആവഡ തീയതി 13.07.2023
4. ശ്രീ. ജോൺസൺ.കെ.എസ്-ന്റെ 19.10.2023-ലെ കത്ത്
5. കത്ത് നം.എ6-4006/2024/ജി.മെ.ആ.എ. തീയതി 18.10.2024
6. ഉത്തരവ് നം. DHS/4890/2023-EC7 തീയതി 30.12.2024
7. കത്ത് നം. DMOH-EKM/4006/2024-A6 തീയതി 22.05.2025
8. നം. R.O/330/F2/2025/I&PRD തീയതി 11.06.2025
9. ഉത്തരവ് നം. DHS/4890/2023-EC7 തീയതി 14.08.2025
10. ഉത്തരവ് നം. DHS/4890/2023-EC7 തീയതി 05.10.2025
11. ശ്രീ.ജോൺസൺ.കെ.എസ്-ന്റെ 08.09.2025-ലെ കത്ത്
12. ഏകപക്ഷീയ അന്വേഷണ റിപ്പോർട്ട്
13. നം. DHS/4890/2023-EC7 തീയതി 23.10.2025
14. കത്ത് നം. DMOH-EKM/4006/2024-A6 തീയതി 10.11.2025
15. കാരണം കാണിക്കൽ നോട്ടീസിന് 07.11.2025 തീയതി പ്രകാരം ശ്രീ. ജോൺസൺ.കെ.എസ് സമർപ്പിച്ച മറുപടി
16. സ.ഉ.(സാധാ) നം. 712/2026/H&FWD തീയതി 21.02.2026

**ഉത്തരവ് നം: DHS/4890/2023-EC7 തീയതി:** 08-03-2026

---

ശ്രീ. ജോൺസൺ.കെ.എസ് (പെൻ-236002), എറണാകുളം ജില്ലയിലെ കുന്നുകര കുടുംബാരോഗ്യകേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയി ജോലിനോക്കിവരവെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 1 തസ്തികയിൽ നിന്നും

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, ഉത്തരവ് നം.ഇ.ജി.4-41950/2016/ആ.വ.ഡ തീയതി 14.10.2022 പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും തൃശ്ശൂർ ജില്ലയിൽ നിയമനം നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് നം. എ4-12555/2021/ജി.മെ.ആ. (ആരോഗ്യം) , തൃശ്ശൂർ തീയതി 29.10.2022 പ്രകാരം, ശ്രീ. ജോൺസൺ.കെ.എസ്-നെ തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര കുടുംബാരോഗ്യകേന്ദ്രത്തിൽ നിയമനം നൽകികൊണ്ട് തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) ഉത്തരവാകുകയും ചെയ്തു. തുടർന്ന്, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 01.11.2022 അപരാഹ്നത്തിൽ എറണാകുളം കുന്നുകര കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നും ശ്രീ. ജോൺസൺ.കെ.എസ്-നെ വിടുതൽ ചെയ്തു. എന്നാൽ, ടിയാൻ തൃശ്ശൂർ, മുള്ളൂർക്കര കുടുംബാരോഗ്യകേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല.

(2). അതിനെത്തുടർന്ന്, മുള്ളൂർക്കര കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർ ഇൻ-ചാർജ്, ശ്രീ.ജോൺസൺ.കെ.എസ്-ന്റെ അനധികൃത ഹാജരില്ലായ്മ നിശ്ചിത പെർഫോർമയിൽ അറിയിച്ചിട്ടുള്ളതായി പരാമർശം (2) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന്, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു എന്ന കുറ്റത്തിന് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ 15 അനുസരിച്ച് പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകി, ശ്രീ. ജോൺസൺ.കെ.എസ്-നെതിരെ അച്ചടക്ക നടപടി ആരംഭിച്ചു. പ്രസ്തുത കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിട്ടുള്ള തസ്തികയിൽ തിരുത്തൽ ആവശ്യമായി വന്നതിനാൽ, പരാമർശം (6) പ്രകാരം കുറ്റാരോപണ മെമ്മോയിന്മേൽ ഒരു തിരുത്തൽ ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി. 13.07.2023 തീയതിയിലെ പരാമർശം ( 3 ) , കുറ്റാരോപണ മെമ്മോയ്ക്ക് മറുപടിയായി ശ്രീ.ജോൺസൺ.കെ.എസ്, ഉചിതമാർഗ്ഗേന അല്ലാതെ നേരിട്ട് പരാമർശം (4) പ്രകാരം ഒരു മറുപടി ലഭ്യമാക്കിയിരുന്നു. പ്രസ്തുത മറുപടിയിൽ, ടിയാന് നൽകിയ കുറ്റാരോപണ മെമ്മോയും പത്രികയും വായിക്കാൻ സാധിക്കാത്തവണ്ണം വ്യക്തമല്ലാത്തതാണെന്ന് അറിയിക്കുകയാണ് ഉണ്ടായത്. കുറ്റാരോപണ മെമ്മോയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയതുമില്ല. ആയതിനാൽ, ടിയാന്റെ പ്രതിവാദപത്രിക സംബന്ധിച്ച് എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറോട് ആരാഞ്ഞതിൽ, വ്യക്തമായ

പകർപ്പ് തന്നെയാണ് നൽകിയതെന്ന് ജില്ലാ മെഡിക്കൽ ആഫീസർ അറിയിക്കുകയാണ് ഉണ്ടായത്. കൂടാതെ, ശ്രീ. ജോൺസൺ.കെ.എസ്-ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോ നേരിട്ട് പരിശോധിക്കുന്നതിന് ഹാജരാകുന്നതിന് എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ, രജിസ്റ്റേർഡ് തപാൽ മുഖേനയും ടിയാന്റെ ഇ-മെയിലിലേയ്ക്കും ടിയാന് അറിയിപ്പ് നൽകിയെങ്കിലും ശ്രീ. ജോൺസൺ.കെ.എസ് ഹാജരായില്ലെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) പരാമർ ശം ( 7 ) പ്രകാരം അറിയിച്ചു.

(3). അതിനെത്തുടർന്ന്, ശ്രീ. ജോൺസൺ.കെ.എസ്. നൽകിയ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ സംബന്ധിച്ച് 13.06.2025 തീയതിയിൽ രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും അനുബന്ധം എച്ച്- 4 ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ, പത്ര പരസ്യത്തിലും അനുബന്ധം എച്ച്4-ലും പരാമർശിച്ച സമയപരിധിക്കകം ശ്രീ. ജോൺസൺ.കെ.എസ്-ന്റെ ഭാഗത്തുനിന്നും പത്ര പരസ്യത്തിലെയും അനുബന്ധം എച്ച്-4-ലെയും കാര്യത്തെസംബന്ധിച്ച് ഈ കാര്യലയത്തിലേക്ക് ആശയവിനിമയം ഒന്നും ഉണ്ടായില്ല. തുടർന്ന്, ശ്രീ. ജോൺസൺ.കെ.എസ്-നെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി, 1960-ലെ കെ.സി.എസ്. (സി.സി. & എ) ചട്ടം 15 പ്രകാരം, ഔപചാരിക അന്വേഷണം നടത്തുന്നതിനു ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ നിയമിച്ചുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (9) പ്രകാരം ഉത്തരവാകുകയും പരാമർശം ( 10 ) പ്രകാരം അതിന്മേൽ തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പരാമർ ശം ( 9 ) ഉത്തരവിനെത്തുടർന്ന് ഔപചാരിക അന്വേഷണത്തിന് 23.09.2025 തീയതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) മുമ്പാകെ ഹാജരാകുന്നതിന് 26.08.2025 തീയതിയിലെ കത്ത് പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുഖാന്തിരം ശ്രീ. ജോൺസൺ.കെ.എസ്-നെ അറിയിക്കുകയും ചെയ്തു. ആയതിന്, പരാമർ ശം ( 11 ) പ്രകാരം, ടിയാൻ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് ലഭ്യമാക്കിയ മറുപടിയിൽ, ടിയാന് ഔപചാരിക അന്വേഷണത്തോട് (ടി നടപടിക്രമങ്ങളോട്) സഹകരിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ, ടി നടപടിയെ ശ്രീ. ജോൺസൺ.കെ.എസ് നിരുപാധികം തള്ളിക്കളയുന്നുവെന്നും അറിയിക്കുകയാണ്

ഉണ്ടായത്. കൂടാതെ, ടിയാൻ 23.09.2025 തീയതിയിലെ ഔപചാരിക അന്വേഷണത്തിന് ഹാജരാകുകയുമുണ്ടായില്ല. ആയതിനാൽ, പരാമർ ശം (12) പ്രകാരം, അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇൻ-ചാർജ് (ഡെപ്യൂട്ടി ഡയറക്ടർ (മെഡിക്കൽ), ഡോ. വിവേക് കുമാർ. ആർ ഏകപക്ഷീയ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ജെ.എച്ച്.ഐ. ഗ്രേഡ്- 1 തസ്തികയുടെ നിയമനാധികാരിയായ അഡീഷണൽ ഡയറക്ടർ (എ ആന്റ് റ്റി), ഏകപക്ഷീയ അന്വേഷണ റിപ്പോർട്ടിനെ അംഗീകരിക്കുകയും ചെയ്തു. കുറ്റപത്രത്തിൽ ശ്രീ. ജോൺസൺ.കെ.എസ്-നെതിരെ ആരോപിക്കപ്പെട്ടിരുന്ന കുറ്റം തെളിഞ്ഞതായി ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തി റിപ്പോർട്ട് ചെയ്തു.

(4). തുടർന്ന്, പ്രമോഷൻ തസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 01.11.2022 അപരാഹ്നത്തിൽ എറണാകുളം കുന്നുകര കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്തുവെങ്കിലും, മുള്ളൂർക്കര കുടുംബാരോഗ്യകേന്ദ്രത്തിൽ പ്രമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീ. ജോൺസൺ.കെ.എസ്, ഗുരുതരമായ കൃത്യവിലോപവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനവും കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവും ചെയ്തതായി, മേൽ പ്രകാരമുള്ള രേഖകളിൽ നിന്നും അഭിപ്രായത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാൻ ചെയ്ത കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ശ്രീ. ജോൺസൺ.കെ.എസ്-നെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിനും 1960- ലെ കെ. സി. എസ്. (സി. സി. &എ) ചട്ടങ്ങൾ, ചട്ടം 11 (1) (vii) പ്രകാരം ശ്രീ. ജോൺസൺ.കെ.എസ്-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും (Removal from service) താല്കാലിക തീരുമാനം കൈക്കൊണ്ടുകൊണ്ട് പരാമർശം (13) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകി.

(5). പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (14) പ്രകാരം കൈപ്പറ്റ് രസീത് ലഭ്യമാക്കുകയും, പരാമർശം (15) പ്രകാരം, ശ്രീ. ജോൺസൺ.കെ.എസ് ഈ കാര്യലയത്തിലേയ്ക്ക് നേരിട്ട് മറുപടി ലഭ്യമാക്കുകയും ചെയ്തു. ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ നൽകിയ മറുപടിയിൽ, നിയമപരമായി ടിയാന്റെ വിരമിക്കൽ പ്രാബല്യത്തിൽ വന്നശേഷമുള്ള ടിയാനെതിരെയുള്ള അച്ചടക്ക നടപടിക്രമം നിരുപാധികം അവസാനിപ്പിക്കണമെന്നും സർക്കാർ ഉത്തരവ് പ്രകാരം ചട്ടങ്ങളുമനുസരിച്ച്

ടിയാന്റെ സേവനം ക്രമപ്പെടുത്തി, ടിയാന്റെ മുഴുവൻ കുടിശ്ശികകളും നൽകി, ടിയാന്റെ വിരമിക്കൽ അപേക്ഷയിന്മേൽ ചട്ടപ്രകാരം നടപ്പാക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും മുഴുവൻ ആനുകൂല്യങ്ങളോടുംകൂടി അർഹതപ്പെട്ട സേവനകാലഘട്ടമായി പരിഗണിച്ചുകൊണ്ട് ടിയാന്റെ വിരമിക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്യണമെന്നും ടിയാൻ ആവശ്യപ്പെട്ടുകയുണ്ടായി.

(6). ആരോഗ്യവകുപ്പിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത (സ.ഉ.(അച്ചടി) നം.55/2020/H&FWD തീയതി 16.09.2020 പ്രകാരം) ബോണ്ട് സമർപ്പിച്ച് സേവനത്തിൽ പുന:പ്രവേശിക്കുന്നതിനുള്ള അവസരം ടിയാന് ഉണ്ടായിരുന്നു. എന്നാൽ, ആയതിന് ടിയാൻ തയ്യാറാകുന്നില്ല. നിസ്സഹകരണ മനോഭാവം വച്ച് പുലർത്തുന്ന ശ്രീ. ജോൺസൺ.കെ.എസ്, സർക്കാരിന്റെയും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെയും, ജില്ലാ മെഡിക്കൽ ഓഫീസുകളുടെയും, ആരോഗ്യകേന്ദ്രങ്ങളുടെയും ദൈനം ദിന പ്രവർത്തനങ്ങളെ വരെ ബാധിക്കുന്നതരത്തിൽ, നിവേദനങ്ങളും തുടർ അപ്പീലുകളും നിരന്തരമായി നൽകിക്കൊണ്ടും ഫോൺ മുഖാന്തിരവും ബന്ധപ്പെട്ടുകൊണ്ട് തടസ്സങ്ങൾ സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്.

(7). സ്വയം വിരമിക്കലുമായി ബന്ധപ്പെട്ട് 15.10.2019 തീയതി പ്രകാരം ശ്രീ. ജോൺസൺ.കെ.എസ്, സർക്കാരിലേയ്ക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ, സർക്കാരിൽ ഹിയറിംഗും, തുടർ അന്വേഷണവും നടത്തിയതിന്റെയും, ആരോഗ്യവകുപ്പിലെയും ജില്ലാ മെഡിക്കൽ ഓഫീസുകളിലെയും ഉദ്യോഗസ്ഥരെ സർക്കാരിലേയ്ക്ക് വിളിച്ചുവരുത്തി വിശദമായി ചർച്ച ചെയ്തതിന്റെയും, ലീവ് സംബന്ധമായ റീകാസ്റ്റ് നടത്തി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ, ടിയാന്, സ്വയം വിരമിക്കുന്നതിനുള്ള 20 വർഷ യോഗ്യകാല സർവ്വീസ് ഇല്ല എന്ന് സർക്കാർ കണ്ടെത്തുകയും ടിയാന് സ്വയം വിരമിക്കുന്നതിനുള്ള അനുവാദം നൽകാനാകില്ല എന്ന് കണ്ട്, ടിയാന്റെ 15.10.2019 തീയതി പ്രകാരമുള്ള അപ്പീൽ അപേക്ഷ പരാമർശം (16) പ്രകാരം തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(8). ശ്രീ. ജോൺസൺ.കെ.എസ്, എറണാകുളം ജില്ലയിലെ കുന്നുകര കുടുംബാരോഗ്യകേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയി ജോലിനോക്കിവരവെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ നിന്നും

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, തൃശ്ശൂർ ജില്ലയിൽ നിയമനം നൽകികൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് നം. എ4-12555/2021/ജി.മെ.ആ. (ആരോഗ്യം), തൃശ്ശൂർ തീയതി 29.10.2022 പ്രകാരം, ശ്രീ. ജോൺസൺ.കെ.എസ്-നെ തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര കുടുംബാരോഗ്യകേന്ദ്രത്തിൽ നിയമനം നൽകികൊണ്ട് തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) ഉത്തരവാകുകയും ചെയ്തു. തൃശ്ശൂർ ജില്ലയിൽ നിയമിച്ചുവെങ്കിലും, ടിയാന് സൌകര്യപ്രദമായ സ്ഥലത്ത് നിയമനം ലഭിച്ചില്ലായെന്നതു ചൂണ്ടിക്കാട്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെ അർദ്ധ വേതന അവധി ആവശ്യപ്പെട്ടുകൊണ്ട് കുന്നുകര കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർ മെഡിക്കൽ ആഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും, ആയത് പരിഗണിച്ച കുന്നുകര കുടുംബാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ആഫീസർ, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 01.11.2022 അപരാഹ്നം പ്രാബല്യത്തിൽ എറണാകുളം, കുന്നുകര കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്തുകൊണ്ടും, 01.11.2022 മുതൽ 11 ദിവസത്തെ അർദ്ധ വേതനാവധി അനുവദിച്ചുകൊണ്ടും, അവധി പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റ നിയമനം ലഭിച്ച തൃശ്ശൂർ, മുള്ളൂർക്കര കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർ മുമ്പാകെ ജോലിക്ക് ഹാജരാകുവാൻ നിർദ്ദേശം നൽകികൊണ്ടും നടപടികുറിപ്പ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സ്ഥാനക്കയറ്റ നിയമനം ലഭിച്ച സ്ഥാപനത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കാതെ നാളിതുവരെയായും ടിയാൻ അനധികൃതാവധിയിൽ തുടരുകയാണ്. സർവ്വീസ് കാലത്തിനിടയിൽ ടിയാൻ വിവിധ സ്ഥാപനങ്ങളിലായി ഒട്ടനേകം തവണ അച്ചടക്ക നടപടി നേരിട്ടിട്ടുള്ളതാണ്. ജോലിയിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതും, നിരന്തരം അനധികൃതാവധിയിൽ പ്രവേശിക്കുന്ന പ്രവണത വച്ചു പുലർത്തുന്നതുമായ ടിയാൻ സർക്കാരിൽ വിവിധ വിഷയങ്ങൾ ഉന്നയിച്ചു നിരവധി അപ്പീലുകൾ സമർപ്പിക്കുകയും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസുകൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

(9). ശ്രീ. ജോൺസൺ.കെ.എസ്, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് തുടരുന്നതിനാലും, ടിയാന്റെ സ്വയം വിരമിക്കൽ അപേക്ഷ സർക്കാർ

നിരസിച്ചതിനാലും ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ ടിയാന്റെ മറുപടി തൃപ്തികരമല്ലാത്തതിനാലും, ടിയാൻ സർക്കാർ ജീവനക്കരുടെ പെരുമാറ്റ ചട്ട ലംഘനവും കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവും നടത്തിയതായി കണ്ടെത്തിയതിനാലും ടിയാൻ ചെയ്ത കുറ്റത്തിന്റെ ഗൌരവം കണക്കിലെടുത്തുകൊണ്ടും, 1960- ലെ കെ. സി. എസ്. (സി. സി. &എ) ചട്ടങ്ങൾ, ചട്ടം 11 (1) (vii) പ്രകാരം ശ്രീ. ജോൺസൺ.കെ.എസ്-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനു (Removal from service) പരാമർശം (13) പ്രകാരമുള്ള താല്കാലിക തീരുമാനം സ്ഥിരീകരിച്ചുകൊണ്ട് ശ്രീ. ജോൺസൺ.കെ.എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removed from service) ഉത്തരവാകുന്നു. ആയതുപ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നു.

Digitally signed by
Reena K J
Date: 08-03-2026
09:47:11

Dr REENA K J
DIRECTOR OF HEALTH SERVICES
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ശ്രീ. ജോൺസൺ.കെ.എസ്
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1
കുടുംബാരോഗ്യകേന്ദ്രം, കുന്നുകര, എറണാകുളം
(ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം -മുഖാന്തിരം)

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം/തൃശ്ശൂർ
2. മെഡിക്കൽ ആഫീസർ ഇൻ-ചാർജ്, എഫ്.എച്ച്.സി, കുന്നുകര, എറണാകുളം
3. മെഡിക്കൽ ആഫീസർ ഇൻ-ചാർജ്, എഫ്.എച്ച്.സി,, മുള്ളൂർക്കര, തൃശ്ശൂർ
4. സൂപ്രണ്ട്, ഇ.ജി സെക്ഷൻ, ഡി.എച്ച്.എസ്.ഓഫീസ്